**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3173 23.3.2015-ൽ മറുപടിയ്ക്ക്**

**പൌൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാന പൌൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ആവശ്യമുള്ള മുട്ടക്കോഴികളെ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | എ) | സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾക്കായി പ്രതിവർഷം ഏകദേശം 15-20 ലക്ഷം കോഴികുഞ്ഞുങ്ങളെ ആവശ്യമുണ്ട്. ഇ തിനാവശ്യമായ കോഴികുഞ്ഞുങ്ങളെ കോർപ്പറേഷന്റെ കൊട്ടിയം, മാള, എ ന്നിവിടങ്ങളിലെ ബ്രീഡർ ഫാമുകളിൽ നിന്ന് ഉല്പാദിപ്പിക്കുന്നതിനു പുറമേ, വെറ്ററിനറി യൂണിവേഴ്സിറ്റി, മണ്ണുത്തി, മൃഗസംരക്ഷണ വകുപ്പ് ഹാച്ചറികൾ , കൊല്ലം ജില്ല പഞ്ചായത്ത് ഹാച്ചറി കുരിയോട്ടുമല, എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി കെ.എസ്.പി.ഡി.സി നേരിട്ട നടത്തുന്ന ഇന്റഗ്രേഷൻ ഫാമുകളിൽ വളർത്തി വിതരണം ചെയ്യാറുണ്ട് .എങ്കിലും ഒരേ സമയത്ത് തന്നെ പല പഞ്ചായത്തുകളിലും പദ്ധതികൾ നടപ്പാക്കേണ്ടി വരുന്നു. ഇത്തരം സാഹചര്യങ്ങളിൽ കോർപ്പറേഷൻ ഉല്പാദിപ്പിക്കുന്ന മുട്ടക്കോഴികൾ, പദ്ധതി, നടപ്പാക്കുന്നതിന് തികയാതെ വരാറുണ്ട്. ഈ സന്ദർഭങ്ങളിൽ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ഗുണഭോക്താക്കൾക്ക് യഥാസമയം ആനുകൂല്യം ലഭ്യമാക്കുന്നതിനു വേണ്ടി സ്റ്റോർ പർച്ചേയ്സ് നിയമപ്രകാരം ടെണ്ടർ വ്യവസ്ഥകൾക്കു വിധേയമായി കോഴികളെ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | കോർപ്പറേഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഇതിൽ ഇപ്പോൾ എന്തൊക്കെ | ബി) | സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ മെമ്മോറാണ്ടം ഓഫ് അസ്സോസ്സിയേഷൻ പ്രകാരം, ഈ |

| | |
|---|---|
| കാര്യങ്ങൾ നിർവ്വഹിക്കുന്നുണ്ട്; വിശദാംശം അറിയിക്കാമോ; | കോർപ്പറേഷന്റെ പ്രധാന പ്രഖ്യാപിത ലക്ഷ്യങ്ങൾ ചുവടെച്ചേർക്കുന്നു. |

1. മുട്ട,മാംസം എന്നിവയ്ക്ക് വേണ്ടി വളർത്തുന്ന, കോഴി, താറാവ്, കാട, മുയൽ പുറമേ ഓമനപ്പക്ഷികൾ , പോർക്കോഴികൾ എന്നിവയുടെയും അവയുടെ അനുബന്ധ ഉല്പന്നങ്ങളുടേയും ഉല്പാദനം, പരിപാലനം, മാംസസംസ്കരണം, വിപണനം, കയറ്റുമതി ഇറക്കുമതി തുടങ്ങിയവ അഭിവൃദ്ധിപ്പെടുത്തുകയും വിപുലീകരിക്കുകയും, വ്യാപിപ്പിക്കുകയും ചെയ്യുക. കോഴിത്തീറ്റ, വിവിധ പൗൾട്രി ഉപകരണങ്ങൾ തുടങ്ങിയവയുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുകയും ഏറ്റെടുത്ത് നടത്തുകയും ചെയ്യുക.

2. മുട്ട, മാംസം , മുട്ടയുടേയും, മാംസത്തിന്റെയും അനുബന്ധ ഉല്പന്നങ്ങൾ തുടങ്ങിയവയുടെ ഉല്പാദനത്തിനുവേണ്ടി കോഴി, താറാവ്, കാട, മുയൽ എന്നിവ വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ ഫാമുകൾ സ്ഥാപിക്കുകയും, പരിപാലിക്കുകയും നടത്തിക്കൊണ്ട് പോവുകയും ചെയ്യുക. മുട്ട, മാംസം തുടങ്ങിയവയുടെ യഥോചിതമായ സംസ്കരണത്തിലൂടെ വൈവിധ്യമാർന്ന ഉത്പന്നങ്ങൾ തയ്യാറാക്കി വിപണനം നടത്തുക.

3. കോഴി, താറാവ്,കാട, മുയൽ എന്നിവ വളർത്തുന്ന നിലവിലുള്ള ഫാമുകൾ ഏറ്റെടുത്ത് നവീകരിച്ച് നടത്തിക്കൊണ്ടു പോവുക, കോഴിവളർത്തലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വ്യാപൃതമായിരിക്കുന്ന, തീറ്റ നിർമ്മാണ കേന്ദ്രങ്ങൾ, ഉപകരണ നിർമ്മാണ യൂണിറ്റുകൾ, മാംസ സംസ്കരണ കേന്ദ്രങ്ങൾ തുടങ്ങിയവ ഏറ്റെടുത്ത് നടത്തുക, പുതിയവ സ്ഥാപിക്കുക.

മേൽ പ്രസ്താവിച്ച പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഇപ്പോൾ നിർവഹിച്ചു വരുന്നു..

1. കോർപ്പറേഷന്റെ കീഴിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡർ ഫാമിൽ നിന്നും പ്രതിമാസം ഒരു ലക്ഷം ഇറച്ചിക്കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നു.
2. തൃശ്ശൂർ ജില്ലയിലെ മാളയിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും പ്രതിമാസം മുപ്പതിനായിരം കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നു.
3. കൊല്ലം ജില്ലയിലെ കൊട്ടിയം ഫാമിൽ നിന്നും പ്രതിമാസം നാല്പതിനായിരം കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നു.
4. കോർപ്പറേഷന്റെ കീഴിലുള്ള ഇന്റഗ്രേഷൻ ഫാമുകളിൽ പ്രതിമാസം 90,000 ഇറച്ചിക്കോഴികളെയും 50,000 മുട്ടക്കോഴികളെയും ഉല്പാദിപ്പിക്കുന്നു.
5. കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന കോഴിത്തീറ്റ നിർമ്മാണ കേന്ദ്രത്തിൽ പ്രതിമാസം 600 മെട്രിക് ടൺ കോഴിത്തീറ്റയും കൊട്ടിയത്ത് പ്രവർത്തിക്കുന്ന തീറ്റ നിർമ്മാണ കേന്ദ്രത്തിൽ നിന്നും പ്രതിമാസം 250 മെട്രിക് ടൺ കോഴിത്തീറ്റയും ഉല്പാദിപ്പിക്കുന്നു.
6. തിരുവനന്തപുരം ജില്ലയിലെ പേട്ടയിൽ പ്രവർത്തിക്കുന്ന മാംസ സംസ്കരണ കേന്ദ്രത്തിൽ പ്രതിദിനം 2200 കോഴികളെ സംസ്കരിച്ച് ഇറച്ചിയും അനുബന്ധ ഉല്പന്നങ്ങളും നിർമ്മിച്ച് വിപണനം ചെയ്യുന്നു.
7. പേട്ടയിൽ പ്രവർത്തിക്കുന്ന കെപ്കോ റസ്റ്റോറന്റിൽ നിന്നും ഗുണമേന്മയേറിയ കോഴിയിറച്ചിയിൽ നിന്നും തയ്യാറാക്കിയ വിഭവങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷണം മിതമായി നിരക്കിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.
8. കെപ്കോ ന്യായവില മെഡിക്കൽ സ്റ്റോറിൽ നിന്നും കോഴിവളർത്തൽ കർഷകർക്ക് ആവശ്യമായ

വാക്സിനുകളും മരുന്നുകളും സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നു.

9. കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആവശ്യമായ സാങ്കേതികോപദേശങ്ങൾ നൽകുന്നതിനും, ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി ടെക്നിക്കൽ സപ്പോർട്ട് സെന്റർ പേട്ടയിൽ പ്രവർത്തിക്കുന്നു. കോഴിവളർത്തലിന് ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ പ്രോജക്ടുകളും ഇവിടെ നിന്നും തയ്യാറാക്കിക്കൊടുക്കുന്നു.
10. കോഴിവളർത്തൽ , മാംസ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ്,ഡിപ്ലോമ കോഴ്സുകൾ നടത്തുന്ന ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഒരു സ്റ്റഡിസെന്റർ പേട്ടയിൽ പ്രവർത്തിക്കുന്നു.

വിവിധ കേന്ദ്ര - സംസ്ഥാന പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഈ കോർപ്പറേഷൻ 2014-15 സാമ്പത്തിക വർഷത്തിൽ 2015 ജനുവരി വരെ 712590 കോഴികളും 464815 കിലോ ഗ്രാം കോഴിത്തീറ്റയും 1811820 രൂപയുടെ മരുന്നുകളും ഗുണ ഭോക്താക്കൾക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | പുതിയ മാനേജിംഗ് ഡയറക്ടർ നിയമിതനായ ശേഷം കോർപ്പറേഷന്റെ ഓരോ യൂണിറ്റിലും അധികമായി ദിവസവേതനം, കരാർ, സ്ഥിരനിയമനം എന്നിവയിൽ എത്ര നിയമനങ്ങൾ നടത്തി; ജില്ല തിരിച്ച് അറിയിക്കുമോ; | സി) | പുതിയ മാനേജിംഗ് ഡയറക്ടർ നിയമിതനായതിനു ശേഷം നിയമിക്കപ്പെട്ട കരാർ/ദിവസവേതന ജീവനക്കാരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.സ്ഥിരനിയമനങ്ങൾ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## DAILY WAGES STAFF

| SL. NO | NAME | DESIGNATION | JOINING DATE | DISTRICT |
|---|---|---|---|---|
| 1 | BIJU. K | SALES MAN | 31.07.2013 | TRIVANDRUM |
| 2 | SHEEJA. S. L | COMPANY SECRETARY TRAINEE | 01.01.2014 | TRIVANDRUM |
| 3 | RAJEENA BEEWI | HOUSE KEEPING | 13.07.2013 | TRIVANDRUM |
| 4 | SUNIL KUMAR. S | DRIVER | 03.09.2013 | TRIVANDRUM |
| 5 | VINIOD. R. P | DRIVER | 16.05.2013 | TRIVANDRUM |
| 6 | V. SURENDRAN | DRIVER | 20.08.2014 | TRIVANDRUM |
| 7 | AJIN. P. V | INTEGRATION FARM SUPERVISOR | 28.05.2014 | TRIVANDRUM |
| 8 | SIJI RAJ S. U | INTEGRATION FARM SUPERVISOR | 15.05.2014 | PATHANAMTITTA |
| 9 | NAVAS | FREEZER WORKER | 15.05.2013 | TRIVANDRUM |
| 10 | BERIN BOSCO | FREEZER WORKER | 17.08.2013 | TRIVANDRUM |
| 11 | ANEESH KUMAR. M. K | FREEZER WORKER | 07.08.2013 | TRIVANDRUM |
| 12 | MANJU. L | MPP WORKER | 08.07.2013 | TRIVANDRUM |
| 13 | ROSAMMA. G | MPP WORKER | 25.07.2013 | TRIVANDRUM |
| 14 | SATHI KUMARI. K | MPP WORKER | 31.07.2013 | TRIVANDRUM |
| 15 | VISHNU. N | MPP WORKER | 31.07.2013 | TRIVANDRUM |
| 16 | SHEEBA. B | MPP WORKER | 22.08.2013 | TRIVANDRUM |
| 17 | MINI. K. S | MPP WORKER | 06.09.2013 | TRIVANDRUM |
| 18 | ABHILASH. S | MPP WORKER | 07.09.2013 | TRIVANDRUM |
| 19 | PUSHPALATHA. J | MPP WORKER | 14.09.2013 | TRIVANDRUM |
| 20 | LATHA KUMARI. V | MPP WORKER | 21.09.2013 | TRIVANDRUM |
| 21 | SHEEJA. L | MPP WORKER | 17.09.2013 | TRIVANDRUM |
| 22 | SUJITHA KUMARI | MPP WORKER | 03.06.2014 | TRIVANDRUM |
| 23 | AMBIKA. S | MPP WORKER | 11.09.2013 | TRIVANDRUM |
| 24 | SANAL KUMAR | MPP WORKER | 21.09.2014 | TRIVANDRUM |
| 25 | MOHANAN | FEED MILL WORKER - KK | 05.09.2014 | TRIVANDRUM |
| 26 | WILSON | FEED MILL WORKER - KK | 12.09.2014 | TRIVANDRUM |
| 27 | VISHNU | FEED MILL WORKER - KK | 11.09.2014 | TRIVANDRUM |
| 28 | UNNIKRISHNAN. G | INTEGRATION FARM SUPERVISOR - MALA | 01.09.2013 | THRISSUR |
| 29 | ASWATHI. H. M | WAITER | 24.05.2014 | TRIVANDRUM |
| 30 | K. B. SUNIL KUMAR | CHEF | 28.04.2014 | TRIVANDRUM |
| 31 | SHIJU JOHN. W | COOK | 26.05.2014 | TRIVANDRUM |
| 32 | VISAKH. P | DELIVERY BOY RESTAURANT | 23.08.2014 | TRIVANDRUM |
| 33 | ARUN. B.S | Cook | 24.08.2013 | TRIVANDRUM |
| 34 | SATHEESH CHANDRAN. P | waiter | 01.08.2013 | TRIVANDRUM |

| CONTRACT STAFF | | | | |
|---|---|---|---|---|
| SL. NO | NAME | DESIGNATION | JOINING DATE | DISTRICT |
| 1 | DR. AKHILA. G. M | HATCHERY MANAGER - KK | 18.06.2013 | TRIVANDRUM |
| 2 | SAJU. M. J | CIVIL ENGINEER | 05.07.2013 | TRIVANDRUM |
| 3 | VIVEK. V. M | FARM SUPERVISOR- KK | 06.01.2014 | TRIVANDRUM |
| 4 | SAJIN. J. S | FARM SUPERVISOR- INTEGRATION | 08.01.2014 | KOZHIKODE |
| 5 | GOPAKUMAR. A. K | FEEDMILL SUPERVISOR - KK | 06.01.2014 | TRIVANDRUM |
| 6 | SHEHANA MOL. M. I | FEED ANALYST | 16.06.2014 | TRIVANDRUM |
| 7 | DR. L. RAVI KUMAR | FEEDMILL MANAGER - MALA | 11.09.2014 | TRIVANDRUM |
| 8 | NITHIN RAJ | TRAINEE - MALA | 01.09.2014 | THRISSUR |
| 9 | SREEJITH. M. B | FOREMAN ELECTRICAL | 20.01.2015 | THRISSUR |

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ